◆ ലേഖനം

മുഹമ്മദ് കുട്ടി പൊന്മുണ്ടം

# വാൾമാർട്ടിന്റെ കടന്നുകയറ്റം

ഭാരതി എന്റർ പ്രൈസസുമായി കൈകോർത്ത് അടുത്തമാസം വാൾമാർട്ട് എന്ന അന്താരാഷ്ട്ര ഭീമൻ ഇന്ത്യയിലേക്ക് കാലെടുത്തു വെക്കുന്നു! രാജ്യത്തെ 120 കോടി ജനങ്ങളും ഒരുവേള ഭരണകൂടം തന്നെയും ഈ കടന്നുകയറ്റത്തിൽ ആശങ്കാകുലരാണ്. എന്നാൽ താൽപര്യങ്ങളുടെ പിറകെ പോയി വെക്കപ്പെട്ട കൈയൊപ്പുകൾ കൊലവാളുകളായി പരിണമിക്കുന്ന ദുരന്തം നോക്കി നിൽക്കാനല്ലാതെ ഭരണകൂടത്തിന് ഒന്നും ചെയ്യാനില്ലെന്ന അവസ്ഥ സൃഷ്ടിക്കുന്നതാണ് നമ്മുടെ അന്താരാഷ്ട്ര കരാറുകൾ. വാൾമാർട്ടിന്റെ കടന്നുകയറ്റവും ഇത്തരത്തിൽ ഒരു കരാറിന്റെ പരിണതി തന്നെ.

രാജ്യത്തെ ചില്ലറവിൽപന മേഖല നേരിട്ടുള്ള വിദേശ നിക്ഷേപകർക്കു തുറന്നുകൊടുക്കുന്നതിൽ തിടുക്കംകാട്ടരുതെന്നാവശ്യപ്പെട്ട് യു.പി.എ അധ്യക്ഷ സോണിയാഗാന്ധി പ്രധാനമന്ത്രി മൻമോഹൻ സിംഗിന് കത്തെഴുതിയെങ്കിലും മൻമോഹൻസിംഗ് അത് ചെവിക്കൊള്ളാൻ തയാറായില്ലെന്ന വസ്തുത നമ്മുടെ അടിമപ്പെടലിന്റെ ആഴം വ്യക്തമാക്കുന്നു. വാണിജ്യ മന്ത്രി കമൽനാഥ് തന്റെ ആശങ്കകൾ പ്രധാനമന്ത്രിയെ അറിയിക്കുമ്പോഴും അതിന് കുമ്പസാരത്തിന്റെ സ്വരമില്ല. ചടങ്ങിനുവേണ്ടി മാത്രമുള്ള ഒരു ആശങ്ക അറിയിക്കൽ. കമൽനാഥിന്റെ മനസ്സ് ആരോടൊപ്പമാണ് എന്നറിയാൻ ഒട്ടും പ്രയാസപ്പെടേണ്ടിവരില്ല. ചില്ലറ വ്യാപാരരംഗത്തെ ഏറ്റവും വലിയ കുത്തക ഭീമനാണ് വാൾമാർട്ട്. ഇപ്പോൾ പതിനഞ്ച് രാജ്യങ്ങളിലായി അയ്യായിരത്തിലേറെ മെഗാസൂപ്പർ മാർക്കറ്റുകളും, പതിനാലുലക്ഷത്തോളം അനുബന്ധ ചില്ലറവിൽപന ശാലകളുമുണ്ട് ഈ ഭീമന്. 260 ബില്യൻ ഡോളറിന്റെ (ഉദ്ദേശം ആറുലക്ഷത്തി അമ്പതിനായിരം കോടി രൂപ) വാർഷിക വിറ്റുവരവാണ് കണക്കാക്കപ്പെടുന്നത്. അമേരിക്കയിലെ 92 ശതമാനം ചില്ലറ വിൽപന ശാലകളും, ബ്രിട്ടനിലെ 70 ശതമാനം ചില്ലറ വിൽപന ശാലകളും വാൾമാർട്ടും തത്തുല്യ കോർപറേറ്റുകളും ചേർന്ന് കൈയടക്കിയിരിക്കുന്നു.

2005 നവംബർ 13-ന് ഇന്ത്യയും അമേരിക്കയും സംയുക്തമായി ഒപ്പിട്ട കരാറനുസരിച്ചാണ് കാർഷിക ഗവേഷണ മേഖലയിൽ അമേരിക്കയിലെ സ്വകാര്യ കുത്തകകൾക്ക് പങ്കാളിത്തം നൽകാൻ ധാരണയായത്. ഇതിന്റെ ഭാഗമായി രൂപം കൊണ്ട നോളഡ്ജ് ഇനിഷ്യേറ്റീവ് ബോർഡിൽ അമേരിക്കൻ ചില്ലറ വ്യാപാര ഭീമനായ വാൾമാർട്ടിനെയും അന്തകവിത്ത് കുത്തകയായ മോൺസാന്റോയെയും ഉൾപ്പെടുത്തി. ആസൂത്രണ കമീഷൻ ഉപാധ്യക്ഷൻ മൊണ്ടേക്സിംഗ് അലുവാലിയയായിരുന്നു ഇതിന്റെ ഉപജ്ഞാതാവ്. പ്രതിരോധ മേഖലയിൽ ഇന്ത്യയും അമേരിക്കയും തമ്മിലുണ്ടാക്കിയ കരാർ വമ്പിച്ച പ്രതിഷേധങ്ങൾക്ക് വഴിവെച്ചപ്പോഴായിരുന്നു ഈ പ്രതിഷേധാഗ്നി ഊതിക്കെടുത്താൻ പ്രതിരോധ മേഖലയിൽ മാത്രമല്ല കാർഷിക ഗവേഷണ രംഗത്തുകൂടി ഇത്തരം സഹകരണത്തിനു തയാറാണെന്നു തെളിയിച്ച് ഗുഡ് സർട്ടിഫിക്കറ്റ് നേടാനുള്ള ഈ നടപടി. പ്രധാനമന്ത്രി മൻമോഹൻസിംഗ് ഇക്കാര്യം ദൽഹിയിലെ പത്രസമ്മേളനത്തിൽ തുറന്നു പറഞ്ഞിരുന്നു. എന്നാൽ തികഞ്ഞ ലാഘവത്തോടെ ഒപ്പിട്ട കരാർ ഒരു ജനതയുടെ വമ്പിച്ച നാശത്തിനു കളമൊരുക്കും എന്ന വസ്തുത തീരെ ശ്രദ്ധിക്കപ്പെടുകയുണ്ടായില്ല. കരാറിനെ തുടർന്ന് വാൾമാർട്ടിനും മോൺസാന്റോക്കും രാജ്യത്ത് താന്താങ്ങളുടെ വ്യാപാര താൽപര്യങ്ങൾ പങ്കുവെക്കാനുള്ള അവസരം കൈവരുത്താൻ സാധിക്കുന്ന രൂപത്തിലായിരുന്നു കാര്യങ്ങൾ. ഇരുവരും തങ്ങളുടെ അവസരങ്ങൾ മുതലെടുത്തേക്കും എന്നു ചിലരെങ്കിലും കരാർ ഒപ്പിട്ടകാലത്തുതന്നെ ആശങ്കയും രേഖപ്പെടുത്തിയിരുന്നു.

എന്നാൽ ഒന്നേകാൽകോടിയോളം

ചില്ലറ വിൽപനക്കാരും നാലരക്കോടിയോളം തെരുവുകച്ചവടക്കാരുമുള്ള ഇന്ത്യയിൽ നിലവിലുള്ള വാർഷിക ചില്ലറ വിൽപ്പനയുടെ തോത് 12 ബില്യൻ ഡോളറിൽന്നും ഒരു ദശകത്തിന്നുള്ളിൽ 125 ബില്യൻ ഡോളറിലേക്ക് കുതിക്കും എന്ന കണക്കുകൂട്ടലുകൾ വാൾമാർട്ടിനും ഭാരതി എന്റർ പ്രൈസസിനുമുള്ള പ്രേരകങ്ങളായി വർത്തിക്കുന്നു.

### വ്യാപാരികളുടെ ആശങ്കകൾ

ഗൾഫ് രാഷ്ട്രങ്ങളിൽ കഴിഞ്ഞ ഒന്നുരണ്ട് ദശകങ്ങൾക്കുള്ളിൽ ഉയർന്നുവന്ന വമ്പൻ മാർക്കറ്റുകൾ പതിനായിരക്കണക്കിനു ഇടത്തരം ചെറുകിട കച്ചവടക്കാരെ സാരമായി ബാധിക്കുകയുണ്ടായി. ഉപഭോക്താക്കളെ വലവീശിപ്പിടിക്കാൻ അവർ പയറ്റുന്ന തന്ത്രങ്ങളും വ്യാപാരത്തിലെ അധാർമിക രീതികളും ചെറുകിട ഇടത്തരം കച്ചവടക്കാരുടെ നട്ടെല്ലൊടിക്കുന്നതായിരുന്നു. ഇതുമൂലം ഗൾഫുപേക്ഷിച്ച ആയിരക്കണക്കിന് മലയാളികളെ നമുക്ക് കാണാൻ കഴിയും. ഇവരിൽ പലരും ഇന്ന് നിരാലംബരും നിത്യരോഗികളുമായിട്ടുണ്ട്. ഗൾഫ് നഗരങ്ങളിൽ ഇപ്പോൾ ഈ പ്രവണത പൂർവാധികം ശക്തിപ്പെടുകയാണ്. ആകർഷകമായ സമ്മാനങ്ങൾ വാഗ്ദാനം ചെയ്ത് ഇവർ ഉപഭോക്താക്കളെ ആകർഷിക്കുന്ന രീതി ഇസ്‌ലാമികശരീഅത്തിനും ഇസ്‌ലാമിക കച്ചവടമര്യാദകൾക്കും നിരക്കുന്നതല്ലെന്ന് വിശ്വോത്തര പണ്ഡിതന്മാർ ഫത്‌വ നൽകിയിട്ടു പോലും ഇത്തരക്കാർ അതിൽനിന്നും പിന്തിരിയുകയോ വ്യാപാരരംഗത്ത് ശരിയായ രീതികൾ അവലംബിക്കുകയോ ചെയ്തിട്ടില്ല. കുത്തക വ്യാപാരരീതി അവലംബിക്കാത്തതിനാൽ ഉൽപാദകരെ കൈയിലെടുക്കാനും തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്ത് ഉൽപന്നങ്ങളുടെ ലഭ്യത കുറക്കാനും കൂട്ടാനും വിലനിലവാരം വരെ പൂർണമായും കൈയിലെടുത്ത് ഇഷ്ടാനുസരണം ക്രമീകരിക്കാനും ഈ കുത്തകകൾക്ക് കഴിയുന്നു. ഇത് ഇടത്തരം കച്ചവടക്കാരെ നിലംപരിശാക്കുമെന്ന് പറയേണ്ടതില്ലല്ലോ.

വാൾമാർട്ടിന്റെ കടന്നുവരവ് അമേരിക്കയിൽപോലും വലിയ പ്രതിസന്ധി സൃഷ്ടിച്ചതായി സ്ഥിതിവിവരക്കണക്കുകൾ വെളിപ്പെടുത്തുന്നു. 1999 വരെ വാൾമാർട്ട് സ്റ്റോറുകൾ ഇല്ലാതിരുന്ന അമേരിക്കൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് 1987 മുതൽ വാൾമാർട്ടു സ്റ്റോറുകൾ പ്രവർത്തിച്ചിരുന്ന സംസ്ഥാനങ്ങളിൽ ദാരിദ്ര്യനിരക്ക് കൂടുതലായിരുന്നു വത്രെ. വാൾമാർട്ട് സ്റ്റോറുകൾ വ്യാപകമായതോടെ ചെറുകിട ഇടത്തരം കച്ചവടക്കാർക്ക് കടകൾ പൂട്ടേണ്ടിവന്നതും ഇത്തരം സ്ഥാപനങ്ങളിൽ ജോലിയെടുത്തിരുന്നവർ തൊഴിൽരഹിതരായതുമായിരുന്നു ഈ ദാരിദ്ര്യ നിരക്കുവർധനവിന്റെ പ്രധാന കാരണം. വ്യാപാരരംഗത്ത് പ്രാഗൽഭ്യം നേടിയവർക്കു വരെ തൊഴിൽ എന്ന രീതിയിലെങ്കിലും കച്ചവടം ചെയ്യാൻ കഴിയാതെ വന്നതും പ്രതിസന്ധി സൃഷ്ടിച്ചു. രാജ്യത്തിനു ലഭിച്ചിരുന്ന നികുതി വിഹിതങ്ങൾ നൽകാൻ വാൾമാർട്ടും തത്തുല്യ കുത്തകകളും ബാധ്യസ്ഥരായിരുന്നുമില്ല. വാൾമാർട്ടിന്റെ കടന്നുവരവോടെ ഇതൊക്കെത്തന്നെയാവും ഇവിടെയും ആവർത്തിക്കപ്പെടുക.

ഇന്ത്യയിലെ നൂറ്റിഇരുപതു ലക്ഷത്തിലധികം ഇടത്തരം ചെറിയ കച്ചവടക്കാരുടെ ഭാവി അനിശ്ചിതത്തിലാക്കുന്ന കടന്നുകയറ്റം, എന്തുകൊണ്ടാണ് വിമർശിക്കപ്പെടുന്നത്? നമ്മുടെ സാംസ്കാരിക മൂല്യങ്ങളും പൈതൃകങ്ങളും തച്ചു തകർക്കുന്ന വ്യാപാര തന്ത്രങ്ങളായിരിക്കും വാൾമാർട്ട് പയറ്റുക. ലക്ഷക്കണക്കിനു കച്ചവടസ്ഥാപനങ്ങൾ നാമാവശേഷമാവുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പകരം തൊഴിൽ നൽകാൻ അവർക്കാവില്ല. അവർ തൊഴിൽ നൽകിയാൽ തന്നെ വേതനം വളരെ തുഛമായിരിക്കും. അമേരിക്കയിൽ ഈ സ്ഥിതിവിശേഷമാണ് സൃഷ്ടിക്കപ്പെട്ടത്. അന്തകവിത്ത് ഭീമൻ മോൺസാന്റോയുമായി വാൾമാർട്ട് കൈകോർക്കുമ്പോൾ രാജ്യത്തെ ഇരുപതു കോടി കർഷകരെയും അത് പ്രതികൂലമായി ബാധിക്കും. കാർഷിക രംഗത്തെ പുതിയ ഗവേഷണങ്ങൾക്ക് മോൺസാന്റോയുടെ 'നേതൃത്വ'ത്തിൽ വഴിതെളിയിക്കും എന്നാണ് പ്രചാരണമെങ്കിലും മോൺസാന്റോവിനും വാൾമാർട്ടിനും തങ്ങൾക്കുവേണ്ട ഉൽപന്നങ്ങൾ വിറ്റഴിക്കുക എന്നതിൽ കവിഞ്ഞു മറ്റു വികസനഗവേഷണ കാര്യങ്ങളിലൊന്നും താൽപര്യമില്ല. വിദേശത്തുനിന്നും കാർഷികോൽപന്നങ്ങൾ എത്തുന്നതോടെ നമ്മുടെ കാർഷിക ഉൽപന്നങ്ങൾ മാർക്കറ്റുനേടാതെ കെട്ടികിടന്നു നശിച്ചുപോവുന്ന അവസ്ഥയും ഉണ്ടാകും. അമേരിക്ക പോലുള്ള വികസിത രാജ്യങ്ങൾ കാർഷിക മേഖലക്ക് നൽകുന്ന വമ്പിച്ച സബ്സിഡി പോലുള്ള ആനുകൂല്യങ്ങൾമൂലം ഇവിടങ്ങളിലെ കാർഷികോൽപന്നങ്ങൾ തുലോം കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ കഴിയും എന്നതിനാൽ ഈ ഉൽപന്നങ്ങൾ വൻതോതിൽ ഇറക്കുമതിചെയ്യപ്പെടുകയും ഇപ്പോൾതന്നെ നട്ടെല്ലുതകർന്ന ഇന്ത്യൻ കാർഷികരംഗം കൂടുതൽ വിപൽക്കരമായ പ്രതിസന്ധി നേരിടുകയും ചെയ്യും.

### പ്രതിഷേധത്തിലെ അഴകൊഴമ്പൻ നയം

വാൾമാർട്ടും മോൺസാന്റോയും കടന്നുകയറുമ്പോൾ ഇടതുപക്ഷ സംഘടനകൾ പോലും ഇക്കാര്യത്തിൽ ശക്തമായി പ്രതികരിക്കാൻ രംഗത്തുവന്നിട്ടില്ലെന്നതാണ് വസ്തുത. പ്രതിരോധരംഗത്തെ അമേരിക്കൻ കടന്നുകയറ്റത്തെ എതിർത്ത ഇടതുകക്ഷികളുടെ വീറും വാശിയും ഇക്കാര്യത്തിൽ കണ്ടില്ല. വാചകകസർത്തുകളിലും പത്രപ്രസ്താവനകളിലും പ്രതിഷേധങ്ങൾ ഒടുങ്ങി. വാൾമാർട്ടിന്റെ കടന്നുകയറ്റം ഉണ്ടാക്കിയേക്കാവുന്ന ആഘാതങ്ങളെ വിലയിരുത്താൻ ഒരു സ്വതന്ത്രവേദിപോലും രൂപവൽക്കരിക്കപ്പെട്ടിട്ടില്ലെന്നതാണ് ഖേദകരം. ചില്ലറ വിൽപനരംഗം മോൺസാന്റോക്ക് കൈയടക്കാൻ അവസരം നൽകുന്നതിനു മുമ്പ് സർക്കാർ വിശദമായി പഠനം നടത്തേണ്ടതുണ്ടെന്ന് യു.പി.എ അധ്യക്ഷ സോണിയാ ഗാന്ധി തന്നെ സർക്കാറിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ ആവശ്യംപോലും അംഗീകരിക്കപ്പെടുകയുണ്ടായില്ല.

വാൾമാർട്ടിന്റെ കടന്നുകയറ്റം ഒരു പക്ഷേ കൂടുതൽ പ്രതിസന്ധിയിലാക്കുക മുസ്‌ലിം സമുദായത്തെ ആയിരിക്കും. ഇന്ത്യൻ മുസ്‌ലിംകളിൽ നല്ലൊരു ശതമാനം ഇടത്തരക്കാരും ചെറുകിടക്കാരുമായ കച്ചവടക്കാരാണ്. തെരുവു കച്ചവടക്കാരിൽ ദേശീയ തലത്തിൽ ഇരുപത്തഞ്ചു ശതമാനത്തിലധികം ഈ വിഭാഗത്തിൽ പെട്ടവരാണെന്നാണ് അനുമാനിക്കപ്പെടുന്നത്. ഗുജറാത്തിലെ വംശഹത്യയുടെ കാരണങ്ങളിലൊന്നായി പറയപ്പെടുന്നത്, അവിടെ വ്യാപാര മേഖലയിലുള്ള മുസ്‌ലിം ആധിപത്യം തകർക്കലായിരുന്നു. ഒരു തൊഴിൽ എന്ന നിലയിൽ പലയിടങ്ങളിലും മുസ്‌ലിംകൾ സ്വീകരിച്ചിട്ടുള്ളത് ചെറുകിട കച്ചവടങ്ങളാണ്. ഉത്തരേന്ത്യൻ നഗരങ്ങളിലും കേരളത്തിലും ഇതുതന്നെയാണ് അവസ്ഥ. ■